LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ പുതിയ നോട്ടറിമാർ

164 (6336) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ടറിമാരായി നിയമിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും, പ്രസ്തുത അപേക്ഷകളുടെ പരിശോധന പൂർത്തിയായോ എന്നും വിശദമാക്കുമോ ;

(ബി) പരിശോധന പൂർത്തിയാക്കി നോട്ടറിമാരെ എന്ന് തിരഞ്ഞെടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) & (ബി) നോട്ടറിമാരായി നിയമിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നും 86 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയുടെ പരിശോധന പൂർത്തിയായിട്ടില്ല.

ഗോ ഹോർ ഗോൾഡ് പദ്ധതി

165 (6337) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 കായിക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കായിക വികസനത്തിനായി എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ; ഇവയിൽ ഏതൊക്കെ പരിപാടികൾ ഇതുവരെ പ്രാവർത്തികമാക്കി ;

(ബി) ഇതോടനുബന്ധിച്ച് സർക്കാർ തയ്യാറാക്കിയ സ്പോർട്ട്സ് കലണ്ടറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്പോർട്ട്സ് കലണ്ടർ അനുസരിച്ച് ഇതുവരെ എന്തൊക്കെ പരിപാടികൾ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2016 ഒളിമ്പിക്സിൽ ഒരു സ്വർണ്ണമെഡൽ നേടുക എന്ന ലക്ഷ്യത്തിനായി "ഗോ ഹോർ ഗോൾഡ്" എന്ന പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് സർക്കാർ ലക്ഷ്യമിടുന്നത് ;